# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2083 — 05.05.2017-ൽ മറുപടിയ്ക്ക്

**പയ്യന്നൂരിൽ തീയേറ്റർ നിർമ്മിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.സി.കൃഷ്ണൻ | | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ പയ്യന്നൂരിൽ തീയേറ്റർ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നുണ്ടോ; വ്യക്തമാക്കാമോ; | (എ) | പയ്യന്നൂർ നഗരസഭ കൗൺസിൽ തീയേറ്റർ നിർമ്മാണത്തിന് നിർദ്ദേശിച്ചിരിക്കുന്ന സ്ഥലം കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ ഉദ്യോഗസ്ഥ സംഘം സന്ദർശിച്ച് തീയേറ്റർ നിർമ്മാണത്തിന്റെ സാദ്ധ്യത വിലയിരുത്തി വരുന്നു. |
| (ബി) | എങ്കിൽ തീയേറ്റർ നിർമ്മിക്കുന്നതിനുള്ള നടപടിക്രമം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (ബി) | പയ്യന്നൂർ നഗരസഭ സ്ഥലം വിട്ടുനൽകുന്നതിനുള്ള സമ്മതപത്രം കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന് കൈമാറിയിട്ടുണ്ട്. ഇനി നഗരസഭയുമായി കരാർ വയ്ക്കേണ്ടതുണ്ട്. കിഫ്ബി ഫണ്ട് ഉപയോഗിച്ച് തീയേറ്റർ സമുച്ചയം നിർമ്മിക്കുന്ന പദ്ധതിയിൽ ടി സ്ഥലവും ഉൾപ്പെടുത്തിയിട്ടുണ്ട്. കിഫ്ബി മാനദണ്ഡപ്രകാരം പദ്ധതിയുടെ ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (സി) | നടപടിക്രമങ്ങൾ പൂർത്തീകരിച്ച് തീയേറ്റർ നിർമ്മാണം എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (സി) | ഈ സാമ്പത്തിക വർഷത്തിന്റെ രണ്ടാം പാദത്തിൽ നിർമ്മാണം ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ